**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2488** — **17-08-2017 ലെ മറുപടി**

## <u>വരൾച്ചയും കുടിവെള്ളക്ഷാമവും</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടുന്നതിന് എന്തെങ്കിലും സ്ഥിരമായ സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം റെഗുലേറ്ററുകളും തടയണകളും വഴി നദികളെ തന്നെ ജലസംഭരണികളാക്കി മാറ്റുന്ന ഒരു സമീപനമാണ് ജലസേചന വകുപ്പ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്. ഓരു വെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും, ജലക്ഷാമവും കുടിവെള്ളക്ഷാമവും പരിഹരിക്കാനും ഉതകുന്ന തരത്തിൽ കുറ്റ്യാടി, മീനച്ചൽ, കടലുണ്ടി, കുപ്പം, ചാലിയാർ, തൂതപ്പുഴ, ഭാരതപ്പുഴ, പമ്പ, കോരപ്പുഴ, വാമനപുരം, അഞ്ചരക്കണ്ടി, മണിമല, മൂവാറ്റുപുഴ, ചന്ദ്രഗിരി, ചിത്താരി, നെയ്യാർ, അച്ചൻകോവിൽ മുതലായ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. റെഗുലേറ്റർ പണിയുന്നതിനായുള്ള ഇൻവെസ്റ്റിഗേഷനും ഡിസൈനും നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജലസേചന വകുപ്പിന്റെ SPV ആയ KIIDC മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ സംസ്ഥാനത്തെ നദികളിലും ഉപനദികളിലും തോടുകളിലും കാലാകാലങ്ങളായി നിർമ്മിച്ചതും എന്നാൽ പ്രവർത്തന ക്ഷമമല്ലാത്തതുമായ തടയണകൾ, വെന്റ്ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ എന്നിവ പുനരുദ്ധരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നതിന് കേരള ജല അതോറിറ്റി വിവിധ സ്രോതസ്സുകളിൽ ലഭ്യമായ ജലം പരമാവധി ഉപയോഗപ്പെടുത്താനും സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പ് വരുത്താനുമുള്ള പരിശ്രമങ്ങൾ നടത്തി വരുന്നു. പണലഭ്യതയ്ക്കനുസരിച്ച് വിവിധ നദികളിൽ സ്ഥിരം തടയണകളും റെഗുലേറ്റർ കം ബ്രിഡ്ജുകളും നിർമ്മിച്ച് പരമാവധി ജലം തടഞ്ഞു നിർത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലെ കിണറുകളും കുളങ്ങളും സ്രോതസ്സായിട്ടുള്ള പദ്ധതികളുടെ ജലലഭ്യത |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുവാനായി മഴക്കുഴികൾ പ്രസ്തുത കിണറുകൾക്ക് സമീപം സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ അടിയന്തിര ഘട്ടങ്ങളിൽ താൽക്കാലിക തടയണകൾ ആവശ്യമായ സ്രോതസ്സുകളിൽ നിർമ്മിക്കാറുണ്ട്. വിവിധ ജലസംഭരണികളിൽ സ്ഥിരം സംവിധാനം എന്ന നിലയിൽ ടാങ്കർ ലോറിയിൽ ജലം നിറയ്ക്കുന്നതിനു വേണ്ടിയുള്ള ഫില്ലിംഗ് സ്റ്റേഷനുകൾ നിർമ്മിച്ചിട്ടുണ്ട്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു ധനലഭ്യത അനുസരിച്ച് പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ള പദ്ധതികൾ വിപുലീകരിക്കുകയും ചെയ്യുന്നുണ്ട് കൂടാതെ നിലവിലുള്ള പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. കേടായ പൈപ്പുകളും പമ്പ് സെറ്റുകളും മാറ്റി സ്ഥാപിക്കുകയും നിലവിലുള്ള പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും വിതരണശൃംഖലയിലെ വാൽവുകൾ പുനക്രമീകരിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ചെയ്യുന്നു. ഒപ്പം ജലനഷ്ടം ഒഴിവാക്കുന്നതിനായി അറ്റകുറ്റ പണികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജലവിതരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ കിഫ്ബി, അമൃത് എന്നിവയിലുൾപ്പെടുത്തി വിവിധ പദ്ധതികളും നബാർഡ്, സ്റ്റേറ്റ് പ്ലാൻ, ഗ്രീൻ ബുക്ക് എന്നിവയിൽ ഏറ്റെടുത്തിട്ടുള്ള വിവിധ പദ്ധതികളും കേരള ജല അതോറിറ്റി നടപ്പിലാക്കി വരുന്നു. പൈപ്പ് പൊട്ടി കുടിവെള്ളം പാഴാകുന്നത് തടയുന്നതിന് പഴയ പൈപ്പ് ലൈനുകൾക്ക് പകരം പുതിയവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>ഭൂജലവകുപ്പ് കുഴൽക്കിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും, കുഴൽക്കിണർ കൈപമ്പ് പദ്ധതികളും കുടിവെള്ള ലഭ്യത പൂർണ്ണമായോ, ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷം 1 കോടി രൂപ ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻ കീഴിൽ ഭൂജലവകുപ്പിന് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 13 ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും, 4 കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള സാങ്കേതികാനുമതി ജില്ലകൾക്ക് നൽകിയിട്ടുണ്ട്.<br>വരൾച്ചയെ പ്രതിരോധിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ ഭൂജലസംരക്ഷണത്തിനായി കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങളും ജില്ലകളിൽ ഭൂജലവകുപ്പ് അവലംബിച്ചു വരുന്നു. 2017-18 സാമ്പത്തിക വർഷം ഭൂജലസംരക്ഷണവും സംപോഷണവും പദ്ധതിയിൻ കീഴിൽ 157 ലക്ഷം രൂപ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. ജില്ലാ ഓഫീസുകളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി വരുന്നു.<br>ലോകബാങ്കിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി ജലനിധിയുടെ എല്ലാ |

| | | | |
|---|---|---|---|
| | | | കുടിവെള്ള സ്രോതസ്സുകളിലും വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നതിന് ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി വലുതും ചെറുതും തടയണകൾ നദികളിലും തോടുകളിലും നിർമ്മിക്കുകയും, മണ്ണിന്റെ അടിയിലുള്ള തടയണകൾ, കിണർ റീചാർജ്ജ്, സബ് സർഫസ് ബാരിയേഴ്സ് എന്നിവയും നിർമ്മിച്ച് നടപ്പിലാക്കി വരുന്നു.<br>ജലസുരക്ഷ സംബന്ധമായി ബോധവത്ക്കരണം നടത്തുന്നതിന് നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | ശുദ്ധജല മലിനീകരണം തടയുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ജലവിഭവ വകുപ്പ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയവയാണ് ശുദ്ധജല മലിനീകരണം തടയുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടത്. എന്നിരുന്നാലും ജല അതോറിറ്റി ജലശുദ്ധീകരണശാലകളുടെ സ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ച് കുടിവെള്ളസ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നുണ്ട്. കൂടാതെ ജലസ്രോതസ്സുകൾ കമ്പിവേലി കെട്ടി സംരക്ഷിക്കാറുണ്ട്. നദികളിലേയ്ക്ക് കടലിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ജലസേചന വകുപ്പ് ആവശ്യമുള്ള സ്ഥലങ്ങളിൽ താൽക്കാലിക ഓരുമുട്ടുകൾ ഇടുന്നുണ്ട്. സ്ഥിരം സംവിധാനമെന്ന നിലയിൽ റെഗുലേറ്ററുകളും നിർമ്മിക്കുന്നുണ്ട്.<br>2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് സെക്ഷൻ 15 സബ് സെക്ഷൻ (ജെ) പ്രകാരം മലിനജലനിർഗമന കുഴലുകളും മറ്റും ജലസ്രോതസ്സുകളെ ബാധിക്കുന്ന വിധം സ്ഥാപിക്കുന്നതും, ഉപരിതല ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ ഭൂജലസ്രോതസ്സുകളെ ബാധിക്കാൻ സാധ്യതയുള്ളതായി കണ്ടാൽ അതു തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു<br>ജലനിധി പദ്ധതിയുമായി ബന്ധപ്പെട്ട് കുടിവെള്ള മലിനീകരണ നിയന്ത്രണത്തിനായി സാനിട്ടേഷൻ സ്കീമുകളിൽ ഉൾപ്പെടുത്തി ഡ്രെയിനേജ് നിർമ്മിക്കുകയും ഉറവിട മാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റുകളും, പൈപ്പ്കമ്പോസ്റ്റ് യൂണിറ്റുകളും, മനുഷ്യ വിസർജ്ജ്യം കൊണ്ടുണ്ടാകുന്നതും, ഉണ്ടായേക്കാവുന്ന മലിനീകരണം തടയുന്നതിനായി പൊതു സെപ്റ്റിക് ടാങ്കുകളും ശൗചാലയങ്ങളും നിർമ്മിച്ചു പോരുന്നു. |

**സെക്ഷൻ ഓഫീസർ**